ജയിൽ ആസ്ഥാനകാര്യാലയം
തിരുവനന്തപുരം

No.86/Camp/DGP&CS./2020 തീയതി : 15-10-2020

**നോട്ടീസ്**

തൃശ്ശൂർ CFLTC കേന്ദ്രത്തിൽ മേൽനോട്ട ചുമതലയും ഉത്തരവാദിത്വവും നിർവ്വഹിക്കുന്നതിലുള്ള വീഴ്ച്ച മൂലം ധാരാളം പരാതികളുണ്ടാവുകയും ഒരു റിമാന്റ് തടവുകാരന്റെ മരണം വിവാദ പൂർണ്ണമാവുകയും ചെയ്തു. ജില്ലാ ജയിൽ സൂപ്രണ്ടിന്റെ സസ്പെൻഷനും, 5ഓളം ജീവനക്കാർക്കെതിരെ ഒന്നിലധികം ആരോപണങ്ങളിൽ വകുപ്പുതലത്തിലും അല്ലാതെയുമുള്ള അന്വേഷണങ്ങളും നടപടികളും വേണ്ടി വന്നു. ഇക്കാര്യങ്ങൾ ജയിൽ വകുപ്പിന്റേയും, മാതൃവകുപ്പിന്റേയും സത് കീർത്തിയെ ബാധിക്കുകയും പ്രവർത്തന മികവിന് മങ്ങലേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേലിൽ ഇത്തരം വീഴ്ച്ചകൾ ആവർക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ, കാര്യക്ഷമമായ പ്രവർത്തനം, എന്നിവ മേഖലാ ഡി.ഐ.ജിമാരിൽ നിന്നുമുണ്ടാകണമെന്ന് കർശന നിർദ്ദേശം നൽകുന്നു. വീണ്ടും ഇത്തരം സംഭവങ്ങൾക്കിടവന്നാൽ സൂപ്രണ്ടുമാരിൽ മാത്രമായി അച്ചടക്ക നടപടികൾ അവസാനിക്കുമെന്ന് പ്രതീക്ഷിക്കരുതെന്നും അവരുടെ നിയന്ത്രണാധികാരികളായ മേഖലാ ഡി.ഐ.ജി മാരുടെ വീഴ്ച്ചകൾ വിലയിരുത്തപ്പെടുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മേഖലാ ഡി.ഐ.ജി മാർ എല്ലാ ദിവസവും വൈകുന്നേരം 6 നും 7 നും ഇടയിലുള്ള സമയത്ത് മേഖലയിലെ പ്രധാന സംഭവങ്ങൾ, CFLTC- പ്രവർത്തനങ്ങൾ, വകുപ്പദ്ധ്യക്ഷന്റെ ശ്രദ്ധയിൽപെടുത്താനുള്ള വിഷയങ്ങൾ, സ്ഥാപനങ്ങളുടെ സ്ഥിതി, ഡി.ഐ.ജി മാരുടെ ക്യാമ്പ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് ഫോണിൽ റിപ്പോർട്ടു നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച്ചയും ഉപേക്ഷയും ഉണ്ടാകരുതെന്നും അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്

ഡി.ഐ.ജി
ഉത്തരമേഖല /മദ്ധ്യ മേഖല /ദക്ഷിണ മേഖല

പകർപ്പ്:

ഡി.ഐ.ജി ആസ്ഥാന കാര്യാലയം